Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2020/1515(3)

തീയതി: 15.01.2020

# സർക്കുലർ

വിഷയം:- കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - സ്കൂൾ കാമ്പസിലെ ഐടി ലാബുകൾ പൊതുവായി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കുന്നത് സംബന്ധിച്ച്

സൂചന:-
1. സ.ഉ.(സാധാ) നം 165/2018/പൊ.വി.വ. തീയതി 10.01.2018.
2. സ.ഉ.(സാധാ) നം. 2177/2019/പൊ.വി.വ തീയതി 06.06.2019.
3. സ.ഉ.(സാധാ) നം 3847/2019/പൊ.വി.വ. തീയതി27.09.2019.
4. G.O(Rt) No. 5203/2019/Gedn dated 29.11.2019.
5. ഈ ഓഫീസിലെ 17.12.2019-ലെ KITE/2019/1515(29) നമ്പർ സർക്കുലർ.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഹൈടെക് സ്കൂൾ-ഹൈടെക് ലാബ് പദ്ധതികളിലുൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ സർക്കാർ, എയിഡഡ് സ്കൂളുകൾക്കും ഐടി ഉപകരണങ്ങളും ഐടി ലാബിനുള്ള ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്. സൂചന 1, 2 പ്രകാരമുള്ള സർക്കാർ ഉത്തരവനുസരിച്ച് സ്കൂളുകളിൽ ഐ.സി.ടി ഉപകരണങ്ങൾ വിന്യസിക്കുന്നതിന് മുന്നോടിയായി വിദ്യാഭ്യാസ വകുപ്പിനുവേണ്ടി കൈറ്റും സ്കൂളുകളും തമ്മിൽ ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. ധാരണാപത്രത്തിലെ സ്കൂൾ അധികൃതർ ഏറ്റെടുക്കുന്ന ഉത്തരവാദിത്തങ്ങളിൽ പത്താമത്തെ ഇനമായി സ്കൂളിനോടൊപ്പമുള്ള പ്രൈമറി സ്കൂൾ/ ഹൈസ്കൂൾ/ ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം കുട്ടികളുടെ പഠനത്തിനും ലഭ്യതയ്ക്കനുസരിച്ച് ഉപകരണങ്ങളുടേയും കമ്പ്യൂട്ടർ ലാബിന്റേയും സൗകര്യം അനുവദിച്ചു നൽകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ ലാബുകളിൽ ലഭ്യമായിട്ടുള്ള കമ്പ്യൂട്ടറുകൾക്കും ലാപ്ടോപ്പുകൾക്കും പുറമെ പല സ്കൂളുകളിലും കൂടുതൽ ഉപകരണങ്ങൾ ആവശ്യമായി വന്നേക്കാം. സൂചന 4 ഉത്തരവിനനുസൃതമായി ഐടി ലാബിലേക്കുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ കൈറ്റ് ഏറ്റെടുത്ത് വരികയുമാണ്. സൂചന 5 പ്രകാരം ഐടി ഓഡിറ്റിലെയും അതിന്റെ തുടർപ്രവർത്തനങ്ങളും നിരീക്ഷിച്ചും സ്കൂളുകളുടെ ആവശ്യകതയും ലഭ്യമാക്കിയിട്ടുള്ള സജ്ജീകരണങ്ങൾ പരിഗണിച്ചും ആയിരിക്കും ഇത്തരത്തിൽ അധിക ലാപ്ടോപ്പുകൾ അനുവദിക്കുക.

ഈ അദ്ധ്യയന വർഷം തന്നെ ഹയർസെക്കന്ററി വിഭാഗത്തിലെ ഗണിതലാബ്, ExPEYES (ഭൗതികശാസ്ത്ര പഠനത്തിന്) തുടങ്ങിയ സംവിധാനങ്ങൾ പ്രയോജനപ്പെടുത്താൻ ആ കാമ്പസിലെ

മറ്റു വിഭാഗങ്ങളിലെ ലാപ്ടോപ്പുകൾ കൂടി പ്രയോജനപ്പെടുത്തേണ്ടിവരും. ഹൈസ്കൂളിലെ ഐടി പ്രാക്ടിക്കൽ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് തിരിച്ചും ആവശ്യം വരാം. എന്നാൽ ചില കാമ്പസുകൾ ഇത്തരത്തിൽ പങ്കുവെയ്ക്കുന്നതിനുള്ള നടപടികൾ എടുത്തുകാണുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഇത്തരം സന്ദർഭങ്ങളിൽ കുട്ടികൾക്ക് ഗുണപരമായി ഐടി സംവിധാനങ്ങൾ പ്രയോജനപ്പെടുത്താൻ അതത് വിഭാഗങ്ങളിൽ (പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി) ലഭ്യമായിട്ടുള്ള ഉപകരണങ്ങളിൽ മാത്രമായി പ്രവർത്തനങ്ങൾ പരിമിതപ്പെടുത്താതെ ആവശ്യകതയും ലഭ്യതയും അനുസരിച്ച് കാമ്പസിൽ ലഭ്യമാക്കിയിട്ടുള്ള ഉപകരണങ്ങൾ പൊതുവായി ഉപയോഗിക്കാൻ സൂചന 1, 2 ലെ ധാരണാപത്രത്തിലെ വ്യവസ്ഥ പ്രകാരം എല്ലാ പ്രഥമാധ്യാപകരും കൂടിയാലോചിച്ച് നിർബന്ധമായും സംവിധാനം ഒരുക്കേണ്ടതാണ്. ഇക്കാര്യങ്ങളിൽ വീഴ്ച സംഭവിക്കുന്ന പക്ഷം ധാരണാപത്രത്തിലെ 8-ാം വ്യവസ്ഥയനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർ/മാസ്റ്റർ ട്രെയിനർ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - ആമുഖക്കത്ത് സഹിതം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി
എല്ലാ ആർഡിഡി/എഡി മാർക്കും } (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും }
സ്റ്റോക് ഫയൽ